(സി) എക്സിക്യൂട്ടീവ് ട്രെയിനീസിന്റെ, തെരഞ്ഞെടുപ്പിന് മത്സര പരീക്ഷയും ഇന്റർവ്യൂവും നടത്തി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു;

(ഡി) ആരെയും നിയമിച്ചില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒമ്പത് റീജിയണൽ ഓഫീസുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ആരംഭിച്ചു.

1. തിരുവനന്തപുരം
2. കൊല്ലം
3. കോട്ടയം
4. എറണാകുളം
5. പാലക്കാട്
6. മലപ്പുറം
7. കോഴിക്കോട്
8. കാസർഗോഡ്
9. കണ്ണൂർ

(ബി) ഈ സെന്ററുകളിലേയ്ക്കുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് മുഖേനയും വിവിധ ഏജൻസികൾ വഴി കോൺട്രാക്ട് അടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലുമാണ് നടത്തിയിട്ടുള്ളത്. സംവരണതത്വം പാലിച്ചിട്ടില്ല.

(സി) & (ഡി) എക്സിക്യൂട്ടീവ് ട്രെയ്നീസിന്റെ റാങ്കു ലിസ്റ്റിൽ നിന്നും ഇതുവരെ ആരെയും നിയമിച്ചിട്ടില്ല.

കോർപ്പറേഷന്റെ വികസന പരിപാടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ആവശ്യാനുസരണം നിയമനം നടത്തിയാൽ മതിയെന്നതാണ് കാരണം.

111 (1843) കാർഷിക സർവ്വകലാശാലയുടെ വിദ്യാഭ്യാസ ഗവേഷണ പദ്ധതികൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീ. വി. ബാലറാം ;
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കാർഷിക സർവ്വകലാശാലയുടെ വിദ്യാഭ്യാസ ഗവേഷണ പദ്ധതികൾ നവീകരിക്കണമെന്ന അഭിപ്രായം സർക്കാരിനുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും വികസന ഏജൻസികളുമായി കൂടുതൽ ബന്ധപ്പെടുവാനുള്ള നടപടികൾ എടുത്തുവരുന്നു.

112 (1844) കാർഷിക വികസന ധനകാര്യ കമ്പനി

ശ്രീ. സി. മൊയീൻ കുട്ടി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ.കെ. ബാവ ;
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വികസന ധനകാര്യ കമ്പനി സ്ഥാപിക്കാനുള്ള നടപടികൾ എത്രത്തോളമായി;

(ബി) കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നു മുതൽ തുടങ്ങാൻ സാധിക്കുമെന്നറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കാർഷിക വികസന ധനകാര്യ കമ്പനി സ്ഥാപിക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

(സി) തീരുമാനിച്ചിട്ടില്ല.

113 (1845) കാർഷിക വൈദ്യുതി ചാർജ്ജ്

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക കൃഷി ഭവന്റെ കീഴിൽ ബലാ വില്ലേജിൽപ്പെട്ട ഗോപാലകൃഷ്ണ ഭട്ട് എന്ന കൃഷിക്കാരന് അദ്ദേഹം അടയ്ക്കേണ്ടിവന്ന കാർഷിക വൈദ്യുതി ചാർജ്ജ് ഇതേവരെ തിരികെ നൽകിയിട്ടില്ല എന്ന പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി സൗജന്യത്തിന് അർഹനായ കൃഷിക്കാരനാണെങ്കിൽ യഥാസമയം ആനുകൂല്യം അനുവദിച്ചു നൽകാത്തതിന്റെ കാരണം എന്താണ്;

(സി) അർഹതപ്പെട്ട ആനുകൂല്യം എത്രയും പെട്ടെന്ന് അനുവദിച്ചു നൽകാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)-(സി) വൈദ്യുതി സൗജന്യത്തിന് 7-1-99-ൽ ശ്രീ. ഗോപാലകൃഷ്ണ ഭട്ട് കൃഷിഭവനിൽ നൽകിയ അപേക്ഷ സ്വീകരിച്ചിട്ടുണ്ട് അതിന് മുമ്പ് ടിയാൻ അടച്ച തുക തിരികെ ലഭിക്കുന്നതിന് അപേക്ഷയോ ബില്ലുകളോ സമർപ്പിച്ചി

LIBRARY ARCHIVES Kerala Legislative Assembly